# നോമ്പുകാല ചിന്തകൾ II



EVP

മനുഷ്യജീവിതത്തിന്റെ മുഖവുര മതചരിത്രത്തിൽ രേഖപ്പെടുത്തിയത്, നസ്രേത്തിലെ യേശുവാണ്. നിങ്ങൾക്ക് ഈ ഭൂമിയിൽ ദുരുതമുണ്ടെന്ന് അവിടുന്ന് നമ്മെ ഓർമ്മിപ്പിച്ചു. തന്റെ ഇഹലോകവാസം അതിനാൽ ക്രമപ്പെടുത്തി. മൂന്ന് വർഷം ഇരുപത്തിയഞ്ച് മൈയിൽ ചുറ്റളവിൽ പ്രവർത്തിക്കുവാൻ – മുപ്പതുവർഷം അവിടുന്ന് തയ്യാറെടുത്തു. ഉപവാസവും പ്രാർത്ഥനയും കൊണ്ട് ആത്മനിയന്ത്രണം എവിടം വരെയാണ് നമുക്ക് കാട്ടി തന്നു. തന്റെ ദൗത്യനിർവ്വഹണത്തിന്റെ ഊർജം പ്രാർത്ഥനയിലും ഉപവാസത്തിലും, എന്തിന് മൗനത്തിലും അവിടുന്ന് ഒളിപ്പിച്ചു. ഇപ്രകാരം മൊത്തം ശക്തി ശേഖരിച്ചത് – ഒരേ ഒരു കാര്യസാധ്യത്തിനായി മാത്രം – പാപലോകത്തുനിന്ന് തന്റെ സൃഷ്ടിയെ തിരികെ അവിടുന്ന് അവകാശപ്പെട്ടു.

ക്രമപ്പെടുത്തുന്ന ജീവിതം കൊണ്ട് പ്രതിസന്ധികളെ തരണം ചെയ്യുവാൻ കഴിയുമെന്ന് യേശു മനുഷ്യനെ പഠിപ്പിച്ചു. പ്രകൃതിക്കും ഋതുഭേദങ്ങൾക്കും അടുക്കും ചിട്ടയുമുണ്ട്. അവ താളം തെറ്റുമ്പോൾ– എല്ലാം അവതാളത്തിലാകുന്നു. അതിനാൽ നോമ്പുകാലം അനുഷ്ഠാനപ്രദമാകണം. നോമ്പുകാലാചരണം സ്നേഹം വളമാക്കി ആത്മീയത കൃഷി ചെയ്യുകയാണ്. നല്ല ഫലം കായ്ക്കുന്നത് നമുക്ക് തൃപ്തിയും പിതാവിന്റെ സന്തോഷവും. ഫലങ്ങൾ നിറഞ്ഞു നില്ക്കുന്ന നമ്മുടെ മനസ്സിലേക്ക് തല കുനിച്ച് നോക്കുക. അനുഭവങ്ങളുടെ രുചിഭേദങ്ങളുടെ ജീവിതത്തെ രൂപപ്പെടുത്തുവാൻ നോമ്പുകാലം നമ്മെ സഹായിക്കും. നമ്മുടെ മൗനത്തിനും, നിശബ്ദതക്കും ആത്മാവിനെ നിയന്ത്രിക്കുവാൻ കഴിയും. തെറ്റായ വഴികളും തീരുമാനങ്ങളും നമുക്ക് തരുന്നത് പരിതാപകരമായ അനുഭവമാണ്. ഇത് ആത്മീയ അധഃപതനം. എന്നാൽ നോമ്പുകാലധന്യ ചിന്ത നമ്മെ ഒരു ക്രൈസ്തവ ജീവിത യാത്രക്കായി ഒരുക്കും. യേശുവിനെ തേടിയുള്ള യാത്ര വചനത്തിൽ നിന്നുള്ള ഉണർവ്വ് പ്രേരിപ്പിക്കുന്ന ഓട്ടമാണ്. സമർപ്പണവും അനുസരണവുമാണ് ഈ ഓട്ടത്തിന്റെ പ്രേരകശക്തി, എന്ന് ഓർമ്മിപ്പിക്കുകയാണ് നോമ്പുകാലം.